(1/3)


# റിട്ടയേർഡ് റവന്യൂ കൂട്ടായ്മ

മലപ്പുറം ജില്ല, രജി. നമ്പർ: 292/2010

# വാർത്താ പത്രിക

ലക്കം 3 | അംഗങ്ങൾക്ക് ഇടയിൽ വിതരണത്തിന് മാത്രം | മാർച്ച് 2018


## വാർഷിക ജനറൽ ബോഡി

റിട്ടയേർഡ് റവന്യൂ കൂട്ടായ്മയുടെ ഈ വർഷത്തെ വാർഷിക പൊതുയോഗം **2018 ഏപ്രിൽ 24 ചൊവ്വാഴ്ച്ച രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെ മലപ്പുറം ഹോട്ടൽ പ്രശാന്തിൽ** വെച്ച് ചേരുന്നതാണ്. എല്ലാ മെമ്പർമാരേയും യോഗത്തിലേക്ക് സാദരം ക്ഷണിച്ചുകൊള്ളുന്നു.

അടുത്ത രണ്ട് ദിവസത്തെ **വിനോദ യാത്ര മൈസൂരിലേക്ക്. 2018 ഏപ്രിൽ 30 ന്** പുറപ്പെടും.

*സെക്രട്ടറി*

## ഒരഭ്യർത്ഥന



ശ്രീ. പി.പി.എം. അഷ്റഫ്,
*പ്രസിഡണ്ട്*

*പ്രിയ സുഹൃത്തുക്കളെ,*

റിട്ടയേർഡ് റവന്യൂ കൂട്ടായ്മയിൽ അംഗമായതിനും ഇതുവരെ ചെയ്ത സഹായ സഹകരണത്തിനും എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും നന്ദി രേഖപ്പെടുത്തുന്നു. മെമ്പർമാരിൽ ചിലരെല്ലാം വരിസംഖ്യ കുടിശിക വരുത്തുന്നതായി ജില്ലാ കമ്മിറ്റിയിൽ ചർച്ചക്ക് വരികയും 31-03-2016 വരെയുള്ള കുടിശ്ശിക മുഴുവനായും എഴുതിത്തള്ളാനും, ശേഷം വരിസംഖ്യ കൃത്യമായി പിരിക്കാനും വരിസംഖ്യ അടച്ചവരെ മാത്രം, ആക്ടീവ് മെമ്പർമാരായി നിലനിർത്താനും 12-10-2017ന് പെരിന്തൽമണ്ണയിൽ വെച്ച് ചേർന്ന ജില്ലാ കമ്മറ്റി ഐകകണ്ഠേന തീരുമാനിച്ച വിവരം അറിയിക്കട്ടെ. അതിനാൽ കുടിശികയുള്ള മെമ്പർമാർ പ്രസ്തുത സംഖ്യ താലൂക്ക് സെക്രട്ടറിയെ ഏൽപ്പിക്കുകയോ, താഴെ പറയുന്ന അക്കൗണ്ടിൽ പണമടച്ച് ട്രഷറർ ശ്രീ. പി. ടി. തങ്കച്ചനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

| | |
|---|---|
| A/C No | : 090021201020002 |
| Bank Name | : Malappuram District Co-operative Bank |
| Branch | : Manjeri |
| IFSC | : IBKL0209M01 |

സന്ദർഭത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് വേണ്ടത് ചെയ്യുമെന്ന പ്രതീക്ഷയോടെ നിർത്തുന്നു.

## കുളിര് തേടി കുടകിലേക്ക്



പി. സത്യകുമാർ
*സെക്രട്ടറി*



2018 പുതുവർഷത്തെ റിട്ടയേർഡ് റവന്യൂ കൂട്ടായ്മയുടെ വിനോദ യാത്ര കുടകിലേക്ക് ആയിരുന്നു. ജനുവരി 6 ശനിയാഴ്ച്ച കൊച്ചു വെളുപ്പാൻ കാലത്ത് ഷൈൻ ടൂറിസ്റ്റുകാരുടെ കെ.എൽ 39 എഫ് 108 നമ്പർ എ.സി. ടൂറിസ്റ്റ് ബസിൽ പെരിന്തൽമണ്ണയിൽ നിന്നും യാത്രാ കൺവീനർ ബാലകൃഷ്ണൻ അടക്കമുള്ള ആ പ്രദേശത്തെ അംഗങ്ങൾ വലതുകാൽ വെച്ച് കയറിയതോടെ രണ്ട് ദിവസത്തെ വിനോദയാത്രക്ക് തുടക്കമായി.

തുടർന്ന് മലപ്പുറം, മഞ്ചേരി, മോങ്ങം, രാമനാട്ടുകര തുടങ്ങിയ സ്ഥലങ്ങളിലെ അംഗങ്ങളെകൂടി വഹിച്ചുകൊണ്ട് പ്രഭാത ഭക്ഷണത്തിനായി കോഴിക്കോട് പാറമ്മേലുള്ള ഐവി 9 റസ്റ്റോറന്റിൽ എത്തിയപ്പോൾ മേശമേൽ ഭക്ഷണവും വിളമ്പി കോഴിക്കോട് പ്രദേശവാസികൾ യാത്രക്കാരെ സ്വീകരിച്ചു. 25 പുരുഷൻമാരും, 20 സ്ത്രീകളും 3 കുട്ടികളും അടക്കമുള്ള റവന്യൂ കൂട്ടായ്മാ സംഘത്തെ വരവേറ്റുകൊണ്ടുള്ള ശ്രീമതി വനജാക്ഷി നന്ദകുമാറിന്റെ സ്വാഗതഗാനം അംഗങ്ങളെ പുലർക്കാല ആലസ്യത്തിൽ നിന്നും തട്ടിഉണർത്തി.

സ്വയം പരിചയപ്പെടലായിരുന്നു ബസ്സിലെ ആദ്യത്തെ വിനോദം. ജീവിതത്തിൽ ആദ്യമായി മൈക്ക് കയ്യിൽ കിട്ടിയപ്പോൾ സ്വന്തം പേര് പോലും തെറ്റിച്ച് പറഞ്ഞവരും ഇല്ലാതില്ലാതിരുന്നു. ഇത്തരക്കാരെ കൂക്കിവിളികളോടെ എതിരേൽക്കാൻ ഉണ്ണികൃഷ്ണപിള്ള, കാർത്ത്യായനി, വിലാസിനി എന്നിവരുടെ കൊച്ചുമക്കളായ അതീന, ഐശ്വര്യ, ആദിത്യൻ എന്നിവർ രംഗത്തെത്തി.

പാട്ട് അറിയാത്തവരുടെ നഴ്സറി പാട്ടും, റവന്യൂ വകുപ്പിൽ താൻ ചെയ്ത വീരസാഹസിക (?) കഥകളുടെ വിവരണം കൂടിയായപ്പോൾ കുട്ട വഴിയുള്ള യാത്രയിൽ കുറ്റ്യാടി ചുരത്തിന്റെ കയറ്റവും വളവുകളും കൂടുതൽ ആസ്വാദകരമായി.

തുടർന്ന് ഉച്ച ഭക്ഷണം ഏൽപ്പിച്ചിരുന്ന കുഷാൽ നഗറിലെ ഹോട്ടൽ

# ഓർമ്മകൾ അലതല്ലുമ്പോൾ

നാരായണൻകുട്ടി കോഴിശ്ശേരി (റിട്ട. ആർ.ഡി.ഒ. ഒഴൂർ)



റവന്യൂ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് മുതൽ ഡപ്യൂട്ടി കലക്ടർ വരെയുള്ള 35 വർഷത്തെ ഔദ്യോഗിക ജീവിതത്തിൽ മറക്കാനാവാത്ത ഒട്ടേറെ അനുഭവങ്ങളിൽ പ്രധാനപ്പെട്ട രണ്ടെണ്ണം ഇവിടെ ഓർമ്മിക്കുകയാണ്.

1970 മുതൽ 74 വരെ താനൂർ ബി.ഡി.ഒ. കം ലാന്റ് ട്രൈബ്യൂണൽ സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർറായി ജോലി ചെയ്യുന്ന കാലത്ത് പത്ത് സെന്റ് കുടികിടപ്പ് അളന്ന് കൊടുക്കുമ്പോൾ നിസ്വരും നിസ്സഹായകരുമായ കുടികിടപ്പുകാരുടെ മുഖത്ത് പ്രകടമായിരുന്ന പ്രസന്നഭാവം ഇപ്പോഴും മനസ്സിൽ നിന്നും മായുന്നില്ല. സർക്കാറിന്റെ ഭാഗമായി അവർക്ക് ഭൂമി കൊടുക്കുവാൻ ചെന്നിരുന്ന ഞങ്ങളെ ദൈവദൂതരെപ്പോലെയാണ് അവർ കണ്ടിരുന്നത്. പ്രസ്തുത അനുഭവം ജീവിതത്തിലെ ഒരു പുണ്യകർമ്മമായി ഞാൻ കരുതുകയാണ്.

1998 സെപ്തംബറിൽ കേരളത്തിൽ ആദ്യമായി വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് നൽകുന്നതിന്റെ ഭാഗമായി തിരൂർ താലൂക്കിലും ഐ.ഡി. കാർഡ് വിതരണം ചെയ്യപ്പെട്ടു. താലൂക്ക് തഹസിൽദാർ (ഇലക്ടറൽ റജിസ്ട്രേഷൻ ഓഫീസർ) എന്ന നിലയിൽ ഉണ്ടായ ആനിയോഗം ഇന്നും മനസ്സിന്റെ കോണുകളിൽ ചാരിതാർത്ഥ്യം നിറയ്ക്കുന്നുണ്ട്.

2000 മെയ് മാസത്തിൽ റിട്ടയർ ചെയ്തതിന് ശേഷം ഉണ്ടായ രണ്ട് അനുഭവങ്ങൾ കൂടി പങ്കുവെക്കാം.

അതിലൊന്നാണ് 2010 മാർച്ചിൽ നമ്മൾ രൂപീകരിച്ച *'റിട്ടയേർഡ് റവന്യൂ കൂട്ടായ്മ'* എന്ന സംഘടനയുടെ ആവിർഭാവം. റിട്ടയർ ചെയ്തതിന് ശേഷം വളരെ കാലം യാതൊരു ബന്ധവുമില്ലതിരുന്ന പല പഴയ സഹപ്രവർത്തകരുടേയും പുനഃസമാഗമം സമ്മിശ്ര വികാരമുണർത്തുന്നതായിരുന്നു.

മറ്റൊന്ന് ഒരേ ക്ലാസിലിരുന്ന സന്തോഷിച്ചും കലഹിച്ചും കുറുമ്പ്കാട്ടിയും കഴിഞ്ഞിരുന്ന 29 സഹപാഠികൾ ഏകദേശം 53 വർഷങ്ങൾക്ക് ശേഷം 2014 ഡിസംബറിൽ അതേ സ്കൂളിൽ (താനൂർ ദേവധാർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ), അതേ ക്ലാസ് മുറിയിൽ (എസ്.എസ്.എൽ.സി) ഒന്നിച്ച് കൂടി കുറേയധികം സമയം ചിലവഴിച്ചത് ഇന്നും മനസ്സിൽ പച്ചപിടിച്ച് നിൽക്കുന്നു. ആകെ നാൽപത് പേർ ഉണ്ടായിരുന്ന വിദ്യാർത്ഥികളിൽ ഏഴു പേർ ഈ ലോകം വിട്ടുപോയത് ഞങ്ങളെ ഏറെ ദുഃഖിപ്പിച്ചുവെങ്കിലും ആസ്ത്രേലിയ, ദുബൈ, ബാംഗ്ലൂർ, കേരളത്തിന്റെ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിൽ നിന്നും എത്തിച്ചേർന്ന ബാക്കിയുള്ളവർക്ക് അതു ഗൃഹാതുരത്വമുണർത്തുന്ന ആനന്ദ നിമിഷങ്ങളായിരുന്നു എന്ന് പറയാതെ വയ്യ.

---

ഒന്നാം പേജ് തുടർച്ച...



ലക്ഷ്യമാക്കി യാത്ര തുടർന്നു. ഈ യാത്രയിൽ ഓരോരുത്തരായി കയ്യിൽ കരുതിയിരുന്ന സഞ്ചി തുറക്കാൻ തുടങ്ങി. വീട്ടിൽ നിന്നും തയ്യാറാക്കി കൊണ്ടുവന്നിരുന്ന കലത്തപ്പം, പാലപ്പം, ഉണ്ണിയപ്പം മുതൽ പേരറിയാത്ത വിവിധ പലഹാരങ്ങൾ ഓരോ ഇരിപ്പിടത്തിലും എത്തി. ആയതിനാൽ ഉച്ചഭക്ഷണ സമയം വൈകിയിരുന്നെങ്കിലും വിശപ്പറിയാതെ കുടകിലുള്ള ടോപ്പ് ഇൻ ടൗൺ റസ്റ്റോറന്റിലെത്തി.

ഭക്ഷണാനന്തരം പ്രസിദ്ധമായ ഗോൾഡൻ ടെമ്പിൾ സന്ദർശനം. വിശാലവും വൃത്തിയുള്ളതുമായ പ്രദേശത്ത് വളരെ പൊക്കത്തിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രവും, അകത്തും പുറത്തും സുവർണ്ണ ശോഭയോടെ സ്ഥാപിച്ചിട്ടുള്ള വിവിധ ആരാധനാ വിഗ്രഹങ്ങളും കാവി വസ്ത്രധാരികളുടെ സന്യാസി - സന്യാസിനി മഠവും. ഒരേ സമയം നൂറുകണക്കിന് സന്ദർശകർ ക്ഷേത്രത്തിനകത്ത് പ്രവേശിച്ചാലും തിക്കുംതിരക്കും കൂടാതെ നടക്കാൻ സൗകര്യപ്രദമായ വിശാലത! അതി മനോഹരം എന്നല്ലാതെ മറ്റൊന്നും വർണ്ണിക്കാനില്ല.

അവിടെ നിന്ന് പുതുമകളും കാഴ്ചകളും ആസ്വദിച്ച് മതിവരുവോളം ഫോട്ടോകളും സെൽഫികളും എടുത്ത് രാത്രി 8 മണിയോടെ ഹോട്ടൽ അൽ വിസാർ ഇന്റർനാഷണലിൽ എത്തി. കുടകിലെ ഇളം കുളിർ വെള്ളത്തിൽ കുളിയും ഭക്ഷണവും കഴിഞ്ഞ് ഓരോരുത്തർക്കും അനുവദിച്ച മുറികളിൽ അടുത്ത ദിവസത്തെ യാത്രയും മനസ്സിൽ കണ്ട് എല്ലാവരും പുതപ്പിനുള്ളിലേക്ക് വലിഞ്ഞു.

അടുത്ത ദിവസം ഏഴാം തിയ്യതി വെളിച്ചം വീഴുന്നതിന് മുമ്പ് തന്നെ കുളിച്ചൊരുങ്ങി എല്ലാവരും തയ്യാർ. വിവിധ തരത്തിലുള്ള പ്രഭാത ഭക്ഷണവും കഴിഞ്ഞ് 8.30ന് മുമ്പ് തന്നെ രണ്ടാം ദിവസത്തെ യാത്ര ആരംഭിച്ചു.

സൂര്യോദയം കാണാൻ പഴയ രാജാക്കന്മാർ എത്തിയിരുന്ന രാജാസീറ്റിലെ പടികളിൽ ഇരുന്ന് ഗ്രൂപ്പ് ഫോട്ടോ. പിന്നീട് രാജാസ് പാർക്കും, മടിക്കേരി കോട്ടയും. കാലപഴക്കം കെട്ടിടങ്ങളുടെ മോടിക്ക് കോട്ടം വരുത്തിയിട്ടുണ്ടെങ്കിലും ആ പഴയ കോട്ട ഇന്നും തലയെടുപ്പോടെ കോട്ടയായി തന്നെ നിലനിൽക്കുന്നു.

പിന്നീട് സന്ദർശനം നടത്തിയത് കൊച്ചുവഞ്ചിയിൽ കയറി പുഴയും കടന്ന് ദുബാരെ ആനസങ്കേതത്തിൽ. പതിനഞ്ച് ആനകളെ ഒന്നിച്ച് ചില ഉത്സവങ്ങൾക്ക് മാത്രം കണ്ടിട്ടുള്ള പലർക്കും പാലുകുടി മാറാത്ത കുഞ്ഞുകുട്ടി ആനയടക്കം ചെറുതും വലുതുമായ നൂറോളം ആനകളെ അടുത്തു കണ്ടപ്പോൾ അത്ഭുതം! കാണുക മാത്രമല്ല; തൊട്ടുതലോടാനും, തുമ്പിക്കയ്യിൽ തീറ്റ വെച്ചുകൊടുക്കാനും, കൊമ്പിൽ തൂങ്ങി സെൽഫി എടുക്കാനും തിരക്കോടുതിരക്ക്!!

മടങ്ങാൻ മടിയാണെങ്കിലും ആനച്ചൂരും വിട്ട് പുതിയ കേന്ദ്രത്തിലെത്തി. ഏക്കർ കണക്കിന് പരന്നുകിടക്കുന്ന നിസർഗരാമ ബാംബൂ ഫോറസ്റ്റ്. തണ്ടിൽ സ്വർണ്ണം പൂശിയ മട്ടിൽ കൂട്ടം കൂട്ടമായി നിൽക്കുന്ന മുളംകൂട്ടങ്ങൾ. അതിൽ ഇടക്കിടക്ക് ജീവൻ തുടിക്കുന്ന കുടകിന്റെ തനത് വിവിധ കലാരൂപങ്ങൾ. സ്റ്റേജിന്റെ അതേ വലിപ്പത്തിലും, ഭാവത്തിലും! ഇതിന്റെയൊക്കെ മഹാശിൽപികളെ മനസ്സാ സ്തുതിച്ച നിമിഷം.

സൂര്യദേവൻ പടിഞ്ഞാറോട്ട് നീങ്ങിത്തുടങ്ങി. പുതുമയുള്ള ഒരുപാട് കാഴ്ചകളും, ഓർമ്മകളും മനസ്സിൽ സൂക്ഷിച്ച് കുടകിനോട് വിടപറയാറായി. ടൂർ ഗൈഡിന്റെ മടക്കയാത്രക്കുള്ള വിസിൽ മുഴങ്ങി. എല്ലാവരും ബസ്സിലേക്ക്. ബസ്സിലെ 'കിളി' ഡ്രൈവർക്ക് നിർദ്ദേശം നൽകി. കിണിം... കിണിം...

ചൂട് കുപ്പായവും അണിഞ്ഞ് ലഘുഭക്ഷണവും, രാത്രി ഭക്ഷണവും കഴിച്ച് രാത്രി 10 മണിയോടെ ബസ്സ് മലപ്പുറം ലക്ഷ്യമായി മടക്കയാത്ര ആരംഭിച്ചു. എല്ലാവരും മെല്ലെ മെല്ലെ മയക്കത്തിലേക്കും. വഴിയിൽ നിന്നും കയറ്റിയവരെ അവരുടെ താവളങ്ങളിൽ തന്നെ ഇറക്കി; പുലർച്ചെ 3.30 മണിക്ക് പെരിന്തൽമണ്ണ യാത്രികർ കൂടി ബസ്സിന്റെ പടി ഇറങ്ങിയതോടെ റിട്ടയേർഡ് റവന്യൂ കൂട്ടായ്മയുടെ ഒരു സൗഹൃദയാത്രക്ക് കൂടി സമാപനമായി.

## അനുഭവകഥ

# ബ്യൂറോക്രസി

കെ.സി. സുബ്രഹ്മണ്യൻ



"ലൈഫ് ബോയ് എവിയെടുണ്ടോ, അവിടെയുണ്ടാരോഗ്യം" എന്നപോലെ "ദുരിതങ്ങളും, ദുരന്തങ്ങളും എവിടെയുണ്ടോ – അവിടെയെല്ലാം മണികണ്ഠനുണ്ട്".

ഈ ആപ്തവാക്യം മണികണ്ഠനെപിന്തുടർന്നുകൊണ്ടേയിരുന്നു. പൊക്കിൾക്കൊടി ബന്ധംപോലെ ഇഴചേർന്നു നിൽക്കുന്ന ജന്മബന്ധമാണ് ദുരിതങ്ങളുമായി സംവേദനം നടത്തിയുള്ള മണികണ്ഠന്റെ ജീവിതയാത്ര.

അന്നേദിവസം അരിയല്ലൂർ വില്ലേജ് ഓഫീസ്സറായിരിക്കെ, ഓഫീസ് സമയം അഞ്ചുമണി പിന്നിട്ടിരിക്കുന്നു. അന്നത്തെ ജോലി കഴിഞ്ഞ് പുറത്ത് കടക്കാൻ വെമ്പുന്ന സമയം.

സുമാർ അഞ്ചര മണിയോടടുത്തുകാണും. ആളുകൾ ഒറ്റയ്ക്കും കൂട്ടമായും വാഹനങ്ങളിലൂടെയും, അല്ലാതെയും പടിഞ്ഞാറോട്ടോടിക്കൊണ്ടിരിക്കുന്നു. മണികണ്ഠൻ കാര്യം തിരക്കി.

'കടലുണ്ടിപ്പുഴയിലേക്ക് തീവണ്ടി മറിഞ്ഞിരിക്കുന്നു!'.

ആദ്യം തമാശയായി തോന്നി. പിന്നെപ്പിന്നെ ജനത്തിന്റെ തിരിമുറിയാത്ത ഓട്ടം കണ്ടപ്പോൾ കാര്യം ഗൗരവമാണെന്ന് മണികണ്ഠനും തിരിച്ചറിഞ്ഞു. ജനങ്ങളുടെ ഒഴുക്കിന് ശക്തി കൂടിക്കൊണ്ടിരിക്കുന്നു.

എന്താണ് സംഭവിച്ചതെന്നറിയാതെ മണികണ്ഠനും ജാഗ്രത കൂടി. വാഹനമൊന്നുമില്ല. ഓഫീസിൽ നിന്നും ഇറങ്ങി മെയിൻ റോഡിലൂടെ പടിഞ്ഞാറോട്ടോടി കടലുണ്ടി റോഡിലെത്തി.

വാഹനത്തിലാണോ, നടന്നാണോ, ഓടിയാണോ അവിടെ എത്തിയതെന്നോർമ്മയില്ല.

ജനസാഗരത്തിനിടയിലേക്കാണ് മണികണ്ഠൻ എത്തിപ്പെട്ടത്. സമയം സന്ധ്യയോടടുക്കുന്നു. മഴയുടേയും കാറ്റിന്റേയും ശക്തി കൂടിക്കൂടിവരുന്നു.

തലകുത്തി വെള്ളത്തിലേക്ക് മറിഞ്ഞുവീണ കമ്പാർട്ടുമെന്റുകളിൽ നിന്നും ആർത്തനാദം പ്രദേശത്ത് അലയടിച്ചുയരുന്നു.

എന്താണ് ചെയ്യേണ്ടതെന്നറിയാതെ ജനം അന്ധാളിച്ചുനിൽക്കുന്നു. ആരൊക്കെയോ, എന്തൊക്കെയോ ചെയ്യുന്നു.

സമയം ഇരുട്ടിനെപുൽകാൻ വെമ്പൽകൂട്ടുന്നു. ഇരുട്ട് പടർന്ന് അവ്യക്തതയിലേക്ക് സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു.

വിവരമറിഞ്ഞ് ജില്ലാ തലസ്ഥാനത്ത് നിന്നും കുതിച്ചെത്തിയ ജില്ലാകലക്ടർ രക്ഷാപ്രവർത്തനത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു.

വെളിച്ചക്കുറവ് അനുഭവപ്പെട്ടതിനാൽ മണികണ്ഠൻ ആനയാറങ്ങാടിയിൽ നിന്നും പെട്ടെന്ന് ജനറേറ്റർ കൊണ്ടെത്തിച്ചു. അപ്പോഴേക്കും ഇരുട്ട് വ്യാപിച്ചിരിക്കുന്നു.

എന്തായാലും മുങ്ങിയ കമ്പാർട്ട്മെന്റിൽ നിന്നും കിട്ടിയ ശരീരങ്ങളുമായി വാഹനങ്ങൾ എങ്ങോട്ടെന്നറിയാതെ ഓടിക്കൊണ്ടിരിക്കുന്നു. കണ്ടവരും, കേട്ടവരും വന്നവരുമെല്ലാം തന്നാലാവും വിധം രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായി.

സംഭവസ്ഥലത്ത് വെച്ചു തന്നെ മരിച്ചവരുടേയും മരിക്കാത്തവരുടേയുമായ ആളുകളെത്തേടി തഹസിൽദാരടക്കമുള്ളവർ നെട്ടോട്ടമോടി.

നോക്കിനിന്നില്ല മണികണ്ഠനും അതിലെ പ്രധാനകണ്ണിയായി സ്വയം ലയിച്ചുചേർന്ന് അവരുടെ കൂടെ സഞ്ചരിച്ചു.

ആശുപത്രികൾ മുഴുവനും സഞ്ചരിച്ച് മരണപ്പെട്ടവരുടേയും മൃതപ്രായമായവരുടേയും കണക്കെടുത്ത് അന്ന് രാത്രി തന്നെ അടിയന്തര ദുരിത നിവാരണ സാമ്പത്തിക സഹായം എല്ലാവരിലുമെത്തിച്ചു.

കാറ്റടങ്ങി, മഴയടങ്ങി. മൂകസാക്ഷിയായി കടലുണ്ടിപ്പുഴയിലെ കുഞ്ഞോളങ്ങൾ പതുക്കെ നിശ്ചലമായി നെടുവീർപ്പിട്ടു പരിതപിച്ചു. ദുരിതാശ്വാസ പ്രവർത്തനത്തിന്റെ കൂടെ തഹസിൽദാർക്ക് താങ്ങായി മണികണ്ഠനും ഓട്ടപ്രദക്ഷിണത്തിലായിരുന്നു. ഇതിലെല്ലാം പങ്കെടുത്ത് പ്രവർത്തിക്കാൻ കഴിഞ്ഞതിൽ മണികണ്ഠനും സ്വയം ആത്മസംതൃപ്തി കണ്ടെത്തി കൃതാർത്ഥനായി.

അന്ന് ദൃശ്യമാധ്യമങ്ങൾ കുറവായതിനാൽ നേർകാഴ്ചകൾ സംപ്രേഷണം ചെയ്യാൻ കഴിഞ്ഞില്ല. കേട്ടുകേൾവികളും, ഊഹാപോഹങ്ങളുമാണ് പിറ്റേദിവസം വാർത്തയായിവന്നത്.


ഡിപ്പാർട്ട്മെന്റിനും, തഹസിൽദാർക്കും ഉറക്കമില്ലാത്ത രാത്രികൾ. എല്ലായിടത്തും ഓടിയെത്തി സംഭവഗതിയുടെ റിപ്പോർട്ട് മേലോട്ട് അറിയിച്ചുകൊണ്ടേയിരുന്നു.

"ഇടിത്തീവീണവനെ പാമ്പുകടിച്ചു" എന്നു പറഞ്ഞപോലെ ദുർവിധി വീണ്ടും തഹസിൽദാരെ വളഞ്ഞുപിടിച്ചു. അപകടം നടന്ന കടലുണ്ടിപ്പാലം മലപ്പുറം ജില്ലയിലാണെങ്കിലും, കടലുണ്ടി എന്നത് കോഴിക്കോട് ജില്ലയിലായതിനാലും മരിച്ചവരെ പോസ്റ്റ്മോർട്ടം ചെയ്തതും, അപകടത്തിൽപെട്ടവരെ അഡ്മിറ്റ് ചെയ്തതും കോഴിക്കോട് മെഡിക്കൽ കോളേജിലായതിനാലും, അടിയന്തര രക്ഷാ പ്രവർത്തനഫണ്ട് കോഴിക്കോട് ജില്ലാ കലക്ടർക്കാണ് അനുവദിച്ചുകിട്ടിയത്. കലക്ടർ ഉടൻ തന്നെ ഫണ്ട് തിരൂരങ്ങാടി തഹസിൽദാർക്ക് കൈമാറി. കിട്ടിയ ഫണ്ട് മുഴുവൻ തഹസിൽദാർ താമസിയാതെ ദുരിതബാധിതർക്കായി വിതരണം ചെയ്തുതീർത്തു.


അധികം താമസിച്ചില്ല; ജില്ലാ തലസ്ഥാനത്ത് നിന്നും ഒരു കോടാലി വന്നു. "ആരോട് ചോദിച്ചാണ് ഫണ്ട് വിതരണം ചെയ്തത്"?. കൊടുത്ത പണം തിരിച്ചു വാങ്ങണം. ആർജ്ജവമുള്ള തഹസിൽദാർ കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് മേൽ നടപടികൾ അവസാനിപ്പിച്ചു.

സത്യത്തിന്റെ മുഖം വികൃതമാകയാലും, "അപ്രിയസത്യം" തുറന്നുപറഞ്ഞുപോയതിന്റെ ദുരന്തഫലം ഏറ്റുവാങ്ങേണ്ടിവന്ന ഹതഭാഗ്യനായ രക്തസാക്ഷി....


## ആദരാഞ്ജലികൾ




മുഹമ്മദ് വി.ടി.
റിട്ട. തഹസിൽദാർ
ആന്തിയൂർകുന്ന്
12-12-2017



രാമൻ എം.
റിട്ട. ഡപ്യൂട്ടി തഹസിൽദാർ
പയ്യനാട്
09-01-2018



ഉണ്ണീൻ എം.
റിട്ട. വില്ലേജ് മാൻ
എരവിമംഗലം
17-01-2018



കേശവൻ കെ.
റിട്ട. തഹസിൽദാർ
എളങ്കൂർ
04-02-2018



പുതുവത്സരാഘോഷത്തോടനുബന്ധിച്ച് ഇന്ത്യയിൽ ആദ്യമായി ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ച കാവനൂർ വില്ലേജ് ഓഫീസറെ ആർ.ആർ.കെ. ആദരിക്കുന്നു.



മുതിർന്ന അംഗം ശ്രീ. എം. കുമാരൻ നായർക്ക് ആർ.ആർ.കെയുടെ ആദരവ്

കഴിഞ്ഞ ലക്കം തുടർച്ച.....

## Valuation: A Profession for Pensioners



Vr. P. Ravunnikutty Nair F.I.V
Mob: 9887 79 12 88

വാല്യുവർ ആയി രജിസ്ട്രേഷൻ കിട്ടാൻ എൻ. ഫോറം പൂരിപ്പിച്ച് ചീഫ് കമ്മീഷണർ ഓഫ് ഇൻകം ടാക്സ് (സി.സി.ടി.ഐ) കൊച്ചി എന്നവർക്ക് താഴെ പറഞ്ഞ രേഖകൾ സഹിതം അയക്കുക. 1) സർവീസ് സർട്ടിഫിക്കറ്റ്, 2) ആയിരം രൂപയുടെ ചലാൻ, 3) ജനന തിയ്യതി തെളിയിക്കുന്ന രേഖ, 4) വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖ (ചലാൻ ഫോറം ഇൻകം ടാക്സ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പണം അടച്ച് ചലാൻ ഫോറം അപേക്ഷയോടൊപ്പം വെക്കുക) പ്രസ്തുത രേഖകൾ ലഭിച്ചാൽ സി.സി.ടി.ഐ ഇന്റർവ്യൂ ചെയ്യുന്നതും നിയമന ഉത്തരവ് തപാലിൽ ലഭിക്കുന്നതുമായിരിക്കും. സ്ഥല പരിമിതി മൂലം ഫോറം എൻ. ചേർക്കാൻ സാധിച്ചിട്ടില്ല. ആവശ്യമുള്ളവർക്ക് കോപ്പി 24-04-2018ലെ ജനറൽ ബോഡിയിൽ വെച്ച് ലേഖകനിൽ നിന്നും വാങ്ങാവുന്നതാണ്.



കുടകിന്റെ തനത് കലാശിൽപം



പുതുവത്സരാഘോഷം.



പുതുവത്സരാഘോഷ പരിപാടികളിൽ നിന്ന് -2018



നിലമ്പൂർ താലൂക്ക് ജനറൽ ബോഡി.

inora pkl 9447177869